"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതിയുടെ കാലാവധി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

G.O.(Rt)No.4275/2022/GEDN തീയതി,തിരുവനന്തപുരം, 21-07-2022

---

പരാമർശം:-

1. സ.ഉ (സാധാ) നം.3779/2017/പൊ.വി.വ തീയതി.19/10/2017
2. സ.ഉ (സാധാ) നം.941/2018/പൊ.വി.വ തീയതി.03/03/2018
3. സ.ഉ (സാധാ) നം.3906/2018/പൊ.വി.വ തീയതി.03/10/2018
4. സ.ഉ (സാധാ) നം.923/2019/പൊ.വി.വ തീയതി.08/03/2019
5. സ.ഉ (സാധാ) നം.5389/2019/പൊ.വി.വ തീയതി.09/12/2019
6. സ.ഉ (സാധാ) നം.3182/2020/പൊ.വി.വ തീയതി.29/11/2020
7. സ.ഉ (സാധാ) നം.1838/2021/പൊ.വി.വ തീയതി.22/02/2021
8. സ.ഉ (സാധാ) നം.4057/2021/പൊ.വി.വ തീയതി.14/09/2021
9. സ.ഉ (സാധാ) നം.5594/2021/പൊ.വി.വ തീയതി.02/12/2021
10. സ.ഉ (സാധാ) നം.900/2022/പൊ.വി.വ തീയതി.17/02/2022
11. സീമാറ്റ് ഡയറക്ടറുടെ 06/07/2022 ലെ സീമാറ്റ്/എഡി.ബി1/ 1096/2017 നമ്പർ കത്ത്

<u>ഉത്തരവ്</u>

2009 ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്തു പൂർണ്ണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച സർക്കാർ പരാമർശം (1) പ്രകാരം ഉത്തരവാകുകയും തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം സമിതിയുടെ പരിഗണനാ വിഷയങ്ങൾ നിശ്ചയിക്കുകയുമുണ്ടായി.

2. വിദഗ്ധസമിതി 2019 ജനുവരി മാസം സമിതിയുടെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന് സമർപ്പിച്ച എങ്കിലും റിപ്പോർട്ടിന്റെ രണ്ടാം ഭാഗം തയ്യാറാക്കി വരുന്ന ഘട്ടത്തിൽ കോവിഡ് മഹാമാരിയുടെ വ്യാപനം ശക്തമാകുകയും, ലോക്ക് ഡൗൺ സാഹചര്യം സംജാതമാകുകയും ചെയ്തതിനാൽ സമിതി ചേരുന്നതിന് തടസ്സമുണ്ടായതായും കൂടാതെ കൈകാര്യം ചെയ്യേണ്ട വിഷയങ്ങളുടെ വ്യാപ്തിയും റിപ്പോർട്ട് തയ്യാറാക്കുന്നതിന്

വേണ്ടി വരുന്ന അധിക സമയ ആവശ്യകതയും, ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ദേശീയ തലത്തിൽ രൂപപ്പെട്ടു വരുന്ന ഘട്ടമായതിനാൽ അവ കൂടി പരിഗണിക്കണമെന്നും ആയതിനാൽ തന്നെ പല കാര്യങ്ങളിലും കുറേക്കൂടി ആഴത്തിലുള്ള പരിശോധന ആവശ്യമാണ് എന്നും സമിതി ചെയർമാനും, സീമാറ്റ് ഡയറക്ടറും സർക്കാരിനോട് വിവിധഘട്ടങ്ങളിൽ അപേക്ഷിച്ചതിനെ തുടർന്ന് പരാമർശം 4 മുതൽ 9 വരെ ഉത്തരവുകൾ പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി വിവിധ ഘട്ടങ്ങളിലായി നീട്ടി നൽകുകയുണ്ടായി. അവസാനമായി സമിതിയുടെ കാലാവധി 2022 ഏപ്രിൽ 30 വരെയാണ് പരാമർശം 10 പ്രകാരം ദീർഘിപ്പിച്ചു നൽകിയത്.

3. എന്നാൽ ദേശീയ വിദ്യാഭ്യാസ നയം നടപ്പിൽവരുന്ന സാഹചര്യത്തിൽ പല കാര്യങ്ങളിലും കുറെ കൂടി ആഴത്തിലുള്ള പരിശോധന ആവശ്യമായി വന്നതിനാൽ 2022 ഏപ്രിൽ 30 നകം സമിതിയുടെ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയാതെ വന്നുവെന്നും ആയതിനാൽ രണ്ടാംഘട്ടം റിപ്പോർട്ട് പൂർത്തിയാക്കാനും ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ സീമാറ്റിന് പൂർത്തിയാക്കാനും സൗകര്യപ്രദമാകുന്ന വിധം വിദഗ്ധ സമിതിയുടെ കാലാവധി 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് നൽകണമെന്നു സമിതി ചെയർമാനും സീമാറ്റ് ഡയറക്ടറും പരാമർശം 11 പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. റിപ്പോർട്ടിന്റെ രണ്ടാം ഭാഗം സമർപ്പിക്കുന്നതിന് സമിതിക്കു കൂടുതൽ സമയം നൽകേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ മേൽ സൂചിപ്പിച്ച വിദഗ്ധ സമിതിയുടെ കാലാവധി 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M MOHAMMED HANISH
PRINCIPAL SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ സീമാറ്റ്-കേരള, എം ജി റോഡ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം
ഡോ.എം എ ഖാദർ, ചെയർമാൻ, 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതി (O/o.ഡയറക്ടർ, സീമാറ്റ് )
ശ്രീ ജ്യോതി ചൂഡൻ (റിട്ട. സ്പെഷ്യൽ സെക്രട്ടറി നിയമവകുപ്പ് ),മെമ്പർ ഡോ.എം എ ഖാദർ കമ്മിറ്റി (O/o.ഡയറക്ടർ, സീമാറ്റ് )
ഡോ.സി രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട്, കാസർകോഡ്, മെമ്പർ ഡോ.എം എ ഖാദർ കമ്മിറ്റി (O/O.ഡയറക്ടർ,സീമാറ്റ് )
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ ടി @ സ്കൂൾ തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
ഡയറക്ടർ വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ )വകുപ്പ് (വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ )കേരള, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും /സെക്ഷനുകൾക്കും

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 22-07-2022 12:11:38
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.ക്ക്